# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചമ്പക്കുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എ.എൽ.പി-പി 1/345/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 31/03/2021
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചമ്പക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എ.എൽ.പി-പി 1/345/2021 തീയ്യതി: 31/03/2021

## ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സാബു സി ജോർജ്ജ് | ഡെപ്യൂട്ടി ഡയറക്ടർ | 05-03-2021 | 17-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-03-2021 | 17-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി രമാരാജൻ ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)
ശ്രീമതി ദീപാ കെ ഗോപാൽ (അസി.ഓഡിറ്റ് ഓഫീസർ)
ശ്രീമതി ജാകചലിൻ പി ഡബ്ളിയും ( സീനി ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി രാജിമോൾ പി സി ( ഓഡിറ്റർ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജോർജ്മാത്യു, | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| പഞ്ഞിമരം | | | |
| ശ്രീ.ആഷ്‌ലി നായർ | സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ.മാത്യു.കെ.എം | ചെയർമാൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.മോളി അലക്സ് | ചെയർപേഴ്സൺ | 01-04-2019 | 31-03-2020 |
| ശ്രീമതി.മിനി ജയിംസ് | ചെയർപേഴ്സൺ | 01-04-2019 | 31-03-2020 |
| ശ്രീമതി.സന്തോഷ് കുമാരി ബാബു | ചെയർപേഴ്സൺ | 01-04-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. സെറിൻ സേവ്യർ | വെറ്റിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.സിന്ധു ജിങ്ക ചാക്കോ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി പ്രമീള | വി.ഇ.ഒ തെക്കേക്കര | 01-04-2018 | 31-03-2019 |
| ശ്രീമതി.ബോബിമോൾ.കെ.ബി | വി.ഇ.ഒ. ചമ്പക്കുളം | 01-04-2019 | 31-03-2020 |
| അമ്പിളി | വി.ഇ.ഒ. ചമ്പക്കുളം | 08-08-2019 | 05-09-2019 |
| രാജേഷ് എസ് ജെ | വി.ഇ.ഒ തെക്കേക്കര | 01-04-2019 | 21-06-2019 |
| ശ്രീമതി പ്രജീഷാകുമാരി | വി.ഇ.ഒ തെക്കേക്കര | 01-02-2019 | 15-02-2019 |
| ദിനൽരാജ് | വി.ഇ.ഒ തെക്കേക്കര | 12-07-2019 | 06-08-2019 |
| ഡോ.കെ.ആദർശ്. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2019 | 31-03-2020 |
| ഡോ.സ്മിത.എം.നായര് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ.ജീവൻകുമാർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ശ്രീമതി.മിനി തങ്കപ്പൻ | ഹെഡ് മിസ്ട്രസ്സ് (ഗവ.എൽപി.എസ്.) | 01-04-2019 | 31-03-2020 |
| ശ്രീമതി.ബിന്ദുമോൾ.കെ.കെ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2019 | 31-03-2021 |
| ശ്രീമതി.ജയന്തി ഗോപാലകൃഷ്ണൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി.ആനി മാത്യു | കൃഷി ഓഫീസർ | 01-04-2019 | 24-09-2019 |
| കാർത്തിക | കൃഷി ഓഫീസർ | 25-09-2019 | 31-03-2020 |
| ശ്രീമതി സിനി എസ് നായർ | ഡയറി ഫാം ഇൻസട്രക്ട്രർ | 01-04-2019 | 31-03-2020 |

<u>ഉള്ളടക്കം</u>



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Rema Rajan (Audit Officer (HG), On 05-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 17-03-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Rema Rajan (Audit Officer (HG), On 18-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 29-03-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം)<br>Written By: Rema Rajan (Audit Officer (HG), On 17-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 17-03-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം.(എസിആർ പ്രകാരം)<br>Written By: Jaquiline P.W (Senior Grade Auditor, On 16-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 29-03-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Rema Rajan (Audit Officer (HG), On 18-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 23-03-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Rema Rajan (Audit Officer (HG), On 16-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 23-03-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Rema Rajan (Audit Officer (HG), On 16-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 30-03-2021) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: P.C.Rajimol (Auditor, On 05-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 17-03-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Rema Rajan (Audit Officer (HG), On 17-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 17-03-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Rema Rajan (Audit Officer (HG), On 17-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 17-03-2021) | 1-10 |
| 11 | ഇ - ടെണ്ടർ ഫീ -തിരികെ ലഭിച്ചിട്ടില്ല.<br>Written By: Rema Rajan (Audit Officer (HG), On 17-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 23-03-2021) | 1-11 |
| 12 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്<br>Written By: P.C.Rajimol (Auditor, On 17-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 23-03-2021) | 1-12 |
| 13 | വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്<br>Written By: P.C.Rajimol (Auditor, On 17-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 23-03-2021) | 1-13 |
| 14 | നികുതി നിർണ്ണയത്തിലെ അപാകത<br>Written By: P.C.Rajimol (Auditor, On 17-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 23-03-2021) | 1-14 |
| 15 | സ്ഥാപന നികുതി ഈടാക്കിയില്ല<br>Written By: P.C.Rajimol (Auditor, On 17-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 23-03-2021) | 1-15 |
| 16 | വസ്തുനികുതി ഈടാക്കുന്നില്ല<br>Written By: P.C.Rajimol (Auditor, On 17-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 23-03-2021) | 1-16 |
| 17 | കരാർ വെയ്ക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കിയിട്ടില്ല<br>Written By: Rema Rajan (Audit Officer (HG), On 16-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 23-03-2021) | 1-17 |
| 18 | കരാർ വെച്ച ശേഷം നിർമ്മാണ പ്രവൃത്തി ചെയ്തിട്ടില്ല.<br>Written By: Rema Rajan (Audit Officer (HG), On 16-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 23-03-2021) | 1-18 |
| 19 | ലൈഫ് ഭവന പദ്ധതി ഭവന നിർമമാണം പൂർത്തീകരിച്ചിട്ടില്ല<br>Written By: Jaquiline P.W (Senior Grade Auditor, On 16-03-2021) | 1-19 |

| | | |
|---|---|---|
| | Last Updated By: Rema Rajan (Audit Officer (HG), On 23-03-2021) | |
| 20 | മൃഗാശുപത്രിക്ക് കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ -അപാകതകൾ<br>Written By: Jaquiline P.W (Senior Grade Auditor, On 05-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 23-03-2021) | 1-20 |
| 21 | പട്ടികജാതി വിദ്യർത്ഥിനികൾക്ക് ലാപ് ടോപ്പ് - നിശ്ചിത യോഗ്യതയില്ലാത്തവർക്ക് ലാപ് ടോപ്പ് നൽകി<br>Written By: Deepa.K.Gopal (Asst. Audit Officer, On 17-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 23-03-2021) | 1-21 |
| 22 | വെണ്ണേലിത്തറ കോളനിയിലേയ്ക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - പദ്ധതി പൂർത്തീകരണം - വിശദാംശം ലഭ്യമല്ല<br>Written By: Deepa.K.Gopal (Asst. Audit Officer, On 17-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 23-03-2021) | 1-22 |
| 23 | കുറഞ്ഞവൈദ്യുത ഉപഭോഗമുള്ള എൽ.ഇ.ഡി. ലാമ്പുകൾ സ്ഥാപിച്ചുവെങ്കിലും തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് ആനുപാതികമായി കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ല<br>Written By: Deepa.K.Gopal (Asst. Audit Officer, On 17-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 23-03-2021) | 1-23 |
| 24 | ലൈഫ് ഭവനനിർമ്മാണ പദ്ധതി ഒരു അവലോകനം<br>Written By: Jaquiline P.W (Senior Grade Auditor, On 16-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 29-03-2021) | 1-24 |
| 25 | കാർഷിക മേഖലയുമായി ബന്ധപ്പെട്ട നടപ്പാക്കിയ പ്രൊജക്ടുകൾ കുറവ് അവലോകനം<br>Written By: Jaquiline P.W (Senior Grade Auditor, On 17-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 23-03-2021) | 1-25 |
| 26 | റോഡ് കണക്റ്റിവിറ്റി മാപ്പ് ,പ്ളാൻ എന്നിവ തയ്യാറാക്കിയിട്ടില്ല<br>Written By: Rema Rajan (Audit Officer (HG), On 16-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 29-03-2021) | 1-26 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Rema Rajan (Audit Officer (HG), On 17-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 17-03-2021) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Rema Rajan (Audit Officer (HG), On 17-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 17-03-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Rema Rajan (Audit Officer (HG), On 17-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 17-03-2021) | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Rema Rajan (Audit Officer (HG), On 17-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 17-03-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Rema Rajan (Audit Officer (HG), On 17-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 17-03-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Rema Rajan (Audit Officer (HG), On 17-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 17-03-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Rema Rajan (Audit Officer (HG), On 17-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 17-03-2021) | 4-7 |

| | | |
|---|---|---|
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Rema Rajan (Audit Officer (HG), On 30-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 30-03-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rema Rajan (Audit Officer (HG), On 17-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 30-03-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Rema Rajan (Audit Officer (HG), On 17-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 17-03-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 05/02/2019 തീയതിയിലെ 2(1)ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 120149283 | 118665736 |
| വാർഷിക കണക്ക് പ്രകാരം | 113999215 | 107825755 |

## 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2019-20 | 31.07.2020 | 05.06.2020 |

1.2018-19വാർഷിക കണക്കിലെ RP 40(B)പ്രകാരം ഫെഡറൽ ബാങ്ക് ഓൺഫണ്ട് അക്കൌണ്ടിലെ നീക്കിയിരുപ്പ് 3812956/- രൂപയാണ്. എന്നാൽ 2019-20 ൽ ഈ അക്കൌണ്ടിന്റെ മുന്നിരുപ്പായി 3816700/- രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.
2.മുൻവർഷത്തെ ബാലൻസ് ഷീറ്റ് B-15 പ്രകാരം റസിഡൻഷ്യൽ ബിൽഡിംഗുകളുടെ വസ്തുനികുതിയിനത്തിൽ കുടിശ്ശിക ഇല്ലായിരുന്നു. എന്നാൽ തൻവർഷത്തെ RP-43 ഷെഡ്യൂൾ പ്രകാരം കുടിശ്ശികയിനത്തിൽ 450/- രൂപ വരവുണ്ട്.

3.സഞ്ചയ പ്രകാരമുള്ള വസ്തുനികുതി ഡിമാൻറ്,കളക്ഷൻ,ബാലൻസ് തുകകൾ സാംഖ്യയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4.RP-31 ലെ 320300199 എന്ന ഹെഡിൽ 3719229/-രൂപയും 320800299 എന്ന ഹെഡിൽ 218500 രൂപയും ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവയുടെ വരവിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7932342 |
| വരവ് | 37652513 |
| ആകെ | 45584855 |
| ചെലവ് | 34270849 |
| നീക്കിയിരിപ്പ് | 11314006 |

## 1-4 ഫണ്ട് വിനിയോഗം.(എസിആർ പ്രകാരം)

| ഫണ്ടിനം (ജനറൽ) | | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് | | 0 | 17723617 | 17723617 | 6250626 | 11472991 |
| എസ്.സി. പി | | 0 | 3711471 | 3711471 | 1685939 | 2025532 |
| ടി.എസ്.പി | | 0 | 00 | 0 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | | 0 | 3224000 | 3224000 | 1321612 | 1902388 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | | 0 | 3708000 | 3708000 | 1342571 | 2365429 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 7466841 | 7466841 | 2983729 | 4483112 |
| എം ജി എൻ ആർ ഇ ജി എസ് | തൊഴിലാളികളുടെ കൂലി | 0 | 31703136 | 31703136 | 31703136 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 88394 | 1645381 | 1733775 | 1726752 | 7023 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (സാനിട്ടേഷൻ | | 1549921 | 55418 | 1605339 | 0 | 1605339 |
| സ്വച്ഛ് ഭാരത് മിഷൻ | | 276352 | 0 | 276352 | 110000 | 166352 |
| ഐസിഡിഎസ്) | | 679914 | 414564 | 1094478 | 581048 | 513430 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ ഖരമാലിന്യം | | 1200000 | 0 | 1200000 | 0 | 1200000 |
| ലൈഫ് സ്റ്റേറ്റ് ഷെയർ | | 0 | 3641229 | 3641229 | 1708750 | 1932479 |

| | | | | | | |
|---|---|---|---|---|---|---|
| സാക്ഷരത | | 111541 | 3800 | 115341 | 0 | 115341 |
| ബി ഫണ്ട് | | 0 | 42960 | 42960 | 42960 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 7972100 | 7972100 | 7972100 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൌണ്ട് | 2317061 | 7360974 | 9678035 | 5882002 | 3795583 |
| | ട്രഷറി അക്കൌണ്ട് | 1115371 | 9463 | 1124834 | 916360 | 208474 |
| എം എൻ ലക്ഷം വീട് | | 7586 | 280 | 7866 | 0 | 7866 |
| കുട്ടനാട് പാക്കേജ് | | 254583 | 109925 | 364508 | 0 | 364508 |
| എസ് ബി റ്റി പ്ലാൻ | | 272237 | 8835 | 281072 | 0 | 281072 |
| ജോയിന്റ് വെഞ്ചർ | ബ്ലോക്ക് പഞ്ചായത്ത് | 200000 | 2065586 | 2265586 | 1386568 | 1316539 |
| | ജില്ലാപഞ്ചായത്ത് | 740000 | 300000 | 1040000 | 300000 | 740000 |

1. ജനറൽ പർപ്പസ് ഗ്രാന്റിന്റെ വരവായി RP-7 ൽ 7972100/-രൂപയും I-6ൽ 7987736/- രൂപയുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ട്രഷറി ബിൽബുക്ക് പ്രകാരം 7990100 രൂപയാണ് ഈ ഇനത്തിലെ വരവ്.

2.B-4 ലെ Grants & Contributions For Specific Purposes എന്ന ഹെഡിൽ ഉൾപ്പെട്ടിട്ടുള്ള വിവിധ ലയബിലിറ്റി തുകകളിൽ പ്രത്യേക അക്കൌണ്ടിൽ സൂക്ഷിച്ചിട്ടില്ലാത്തവയ്ക്ക് ACR സൂക്ഷിക്കുന്നില്ല

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 103 | 36551000 | 73 | 14303389 | 16 | 14 | 71% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 88394 | 1645381 | 1733775 | 1726752 | 7023 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 31703136 | 31703136 | 31703136 | 0 |
| ആകെ | 88394 | 33348517 | 33436911 | 33429888 | 7023 |

## 1-7 ക്ഷേമപദ്ധതികൾ

ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 48000 | 52 |
| കർഷകതൊഴിലാളി പെൻഷൻ | 6189000 | 1091 |
| വിധവാപെൻഷൻ | 2393400 | 421 |
| വാർദ്ധക്യകാലപെൻഷൻ | 4921500 | 941 |
| വികലാംഗപെൻഷൻ | 1249800 | 225 |
| അഗതിപെൻഷൻ | 178200 | 80 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന05-03-2021 3 പി.എം ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4127/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ താഴെ ചേർക്കുന്നു

1വിവിധ സെക്ഷനുകളിൽ തൻപതോടുകൾ കാലികമായി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2. പദ്ധതി ഫയലുകളിൽ മോണിറ്ററിംഗ് റിപ്പോർട്ട് സൂക്ഷിക്കുന്നില്ല.

3ആസ്തി രജിസ്റ്റർ കാലികമാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

4. റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കുന്നില്ല.

മേൽ പരാമർശിച്ച ന്യൂനതകൾ പരിഹരിക്കുന്നതിലേയ്ക്ക് ഭരണസമിതിയു ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.2.21 | 1/2021 | 26.2.2021 |
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 8.03.16 | 2014-15 | 4.10.16 |

## 1-11 ഇ - ടെണ്ടർ ഫീ -തിരികെ ലഭിച്ചിട്ടില്ല.

28/09/13 തീയതിയിലെ ജി ഒ (എം.എസ് ) 318/2013 ത സ ഭ വ നംപർ ഉത്തരവ് പ്രകാരം ഇ-ടെണ്ടര് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ഇ എം ഡി ,ടെണ്ടർ ഫീ എന്നിവ ഓൺലൈനായി ഒടുക്കുന്നതിന് എൽ എസ് ജി ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൌണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഈ അക്കൌണ്ടിൽ അടയ്ക്കണമെന്നും നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച് 2019-2020 വർഷം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീ ഇനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ ലഭിച്ച 22452/- രൂപ തിരികെ ലഭിച്ചിട്ടില്ല. ഉക തിരികെ ലഭിക്കുന്നതിനായി അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. (എൻക്വയറി നം 11/12.3.21)

## 1-12 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്റർ ,സ്ഥാപന മേധാവികൾ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺ എന്നിവ പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

എ)താഴെപ്പറയുന്ന ജീവനക്കാരുടെ അർദ്ധവർഷ തൊഴിൽനികുതി ഒടുക്കിയതിൽ കുറവുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ജീവനക്കാരന്റെ പേര്, ഉദ്യോഗപ്പേര് | അർദ്ധവർഷം | വരുമാനം | ഈടാക്കേണ്ടിയിരുന്ന നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|
| കേരളാ സ്റ്റേറ്റ് കോപ്പറേറ്റീവ് ബാങ്ക്,നെടുമുടി | ആന്റണി പി ജോസഫ് | I | 142038 | 1250/- | 1000 | 250 |
| അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസ്, കുട്ടനാട് | ജ്യോതി എസ്, പിടിഎസ് | I | 61440 | 600 | 450/- | 150 |
| | | II | 61440 | 600 | 450/- | 150 |
| BRC മങ്കൊമ്പ് | കുഞ്ഞമ്മ പി കെ, റിസോഴ്സ് ടീച്ചർ | I | 152750/- (25000*6+2750) | 1250 | 1000 | 250 |
| | രശ്മി ബാലൻ, റിസോഴ്സ് ടീച്ചർ | I | 152750/- (25000*6+2750) | 1250 | 1000 | 250 |
| | സുനിത പി.എസ്, റിസോഴ്സ് ടീച്ചർ | I | 152750/- (25000*6+2750) | 1250 | 1000 | 250 |
| | ജ്യോതി ടി പി, റിസോഴ്സ് ടീച്ചർ | I | 152750/- (25000*6+2750) | 1250 | 1000 | 250 |
| | ആകെ | | | | | 1550/- |

ഓഡിറ്റന്വേഷണത്തിനുള്ള (നം.3/07.03.21)മറുപടിയിൽ തുക ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. കുറവ് വന്ന 1550/-രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ബി)താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | റിമാർക്സ് |
|---|---|
| കേരളാ വാട്ടർ അതോറിറ്റി | രണ്ടാം അർദ്ധവർഷം അടച്ചിട്ടില്ല. |
| മത്തിൽ ഫിനാൻസിയേഴ്സ് | ഒന്നും രണ്ടും അർദ്ധവർഷം അടച്ചിട്ടില്ല. |
| മിൽക്ക് പ്രൊഡ്യൂസേഴ്സ് കോപ്പറേറ്റീവ് സൊസൈറ്റി ലി. A156 | ഒന്നും രണ്ടും അർദ്ധവർഷം അടച്ചിട്ടില്ല. |
| പുന്നകുന്നത്തുശ്ശേരി പോസ്റ്റോഫീസ് | ഒന്നും രണ്ടും അർദ്ധവർഷം അടച്ചിട്ടില്ല. |
| ഈസ്റ്റ് പോസ്റ്റോഫീസ് ചമ്പക്കുളം | രണ്ടാം അർദ്ധവർഷം അടച്ചിട്ടില്ല |

ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

സി)പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച വരുന്ന അംഗീകൃത കരാറുകാർ, റേഷൻ കടയുടമകൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. ഓഡിറ്റന്വേഷണത്തിനുള്ള (നം.3/07.03.21)മറുപടിയിൽ റേഷൻ കടയുടമകൾക്കും കരാറുകാർക്കും തൊഴിൽ നികുതി അടവാക്കാനഭ്യർത്ഥിച്ച് കത്ത് നൽകിയതായി അറിയിച്ചു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന നികതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്

കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും,സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഒരു ചതുരശ്ര മീറ്ററിന് 50/- മുതൽ 70/-രൂപ വരെ പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ കെട്ടിടനികുതി ഈടാക്കാവുന്നതാണ്. ഈ പഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച അന്തിമ വിജ്ഞാപന പ്രകാരം, 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി, ഒരു ചതുരശ്ര മീറ്ററിന് 60/- രൂപ നിരക്കിലാണ്. എന്നാൽ താഴെപ്പറയുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ നികുതി, ചതുരശ്ര മീറ്ററിന് 50/-രൂപ നിരക്കിലാണ് നിർണ്ണയിച്ചിരിക്കുന്നത്. ഇതുമൂലം ലഭിക്കേണ്ടിയിരുന്ന വരുമാനത്തിൽ കുറവ് വന്നിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ്നം/ കെട്ടിട നം. | പേരും അഡ്രസ്സും, | തറ വിസ്തീർണ്ണം (ച.മീറ്ററിൽ) | ഇളവ് (%) | വർദ്ധന (%) | ഈടാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തു നികതി | ഈടാക്കിയ നികുതി | കുറവ് | ലൈബ്രറി സെസ്സ് |
|---|---|---|---|---|---|---|---|---|
| 2/322A | ശ്രീ. നാസർ ഷാഹുൽ ഹമീദ്,അബാബിൽ കാസിൽ,ആലപ്പുഴ | 395.8 | 10%= 2375/- കുറഞ്ഞ തരം മേൽക്കൂര | 45%= 10687 (റോഡ് 5മീറ്ററിൽ കൂടുതൽ,എയർ കണ്ടീഷണർ,തറ നിർമ്മിതി) | 32060/- (=395.8*60-2375+10687) | 26717/- | 5343/- | 1603/- |
| 2/92 B | ശ്രീ.സുരേഷ് കുമാർ നായർ, ശ്രീമതി വത്സലകുമാരി,രാജ് ഭവൻ ,അട്ടിയിൽ,മങ്കൊമ്പ് | 244.9 | ഇല്ല | 30%= 4408 (റോഡ്:5മീറ്ററിൽ കൂടുതൽ,എയർ കണ്ടീഷണർ) | 19102/- (=244.9*60+4408) | 15919/- | 3183/- | 796/- |
| ആകെ | | | | | | | 8526 | 2399 |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.7/10.3.21) ലഭ്യമാക്കിയ മറുപടിയിൽ മേൽ സൂചിപ്പിച്ച കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടി കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയം നടത്തി കുറവ് വന്ന 8526/-രൂപ ഈടാക്കി രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2019-20 സാമ്പത്തിക വർഷം സഞ്ചയ സോഫ്റ്റ് വെയറിൽ നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങൾ മാത്രമാണ് ഓഡിറ്റിൽ പരിശോധനാ വിധേയമാക്കിയിട്ടുള്ളത്. മുൻ വർഷങ്ങളിലും ഇത്തരത്തിൽ തെറ്റായി നികുതി നിർണ്ണയം നടത്തിയതായിശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.(ഉദാ:-കെട്ടിടനം.3/235,ശ്രീ.എ.വി . ജോർജ്ജ്, 110.16ച.മീ, വാണിജ്യാവശ്യം , 28-3-19ൽ സഞ്ചയയിൽ അപ്രൂവ് ചെയ്ത കെട്ടിടം) ഇത്തരത്തിൽ തെറ്റായി നികുതി നിർണ്ണയം നടത്തിയിട്ടുണ്ടെങ്കിൽ ആയതും പരിശോധിച്ച് നികുതി പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 നികുതി നിർണ്ണയത്തിലെ അപാകത

കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും,സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഒരു ചതുരശ്ര മീറ്ററിന് 50/- മുതൽ 70/-രൂപ വരെ പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ കെട്ടിടനികുതി ഈടാക്കാവുന്നതാണ്. ഈ പഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച അന്തിമ വിജ്ഞാപന പ്രകാരം, 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി, ഒരു ചതുരശ്ര മീറ്ററിന് 60/- രൂപ നിരക്കിലാണ്. പഞ്ചായത്തിന്റെ പരിധിയിൽ സ്ഥിതിചെയ്യുന്ന ഒരേ ഉടമയുടെ പേരിലുള്ള വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള താഴെപ്പറയുന്ന കെട്ടിടങ്ങളിലെ ഓരോ കടമുറികൾക്കും പ്രത്യേകം കെട്ടിട നമ്പർ നല്കിയിട്ടുണ്ട്. എന്നാൽ

ഈ കടമുറികളുടെ വസ്തുനികുതി ഒന്നിച്ച് നിർണ്ണയിക്കുന്നതിന് പകരം ഓരോ കടമുറികൾക്കും പ്രത്യേകം നികുതി കണക്കാക്കി ഒരു ചതുരശ്ര മീറ്ററിന് 50/- രൂപ നിരക്കിൽ നിർണ്ണയിക്കുകയാണ് ചെയ്തിരിക്കുന്നത്. പഞ്ചായത്തിലെ വസ്തുനികുതി സംബന്ധിച്ച വിജ്ഞാപന പ്രകാരം, 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി, 1 ചതുരശ്ര മീറ്ററിന് 60/- രൂപ നിരക്കിൽ ഈടാക്കണം എന്നതാണ്. എന്നാൽ ഇവിടെ ഒരു ചതുരശ്ര മീറ്ററിന് 50/- രൂപ മാത്രമാണ് ഈടാക്കുന്നത്. ഇതു മൂലം ലഭിക്കേണ്ടിയിരുന്ന വരുമാനത്തിൽ കുറവ് വരുന്നു . ഏതാനം ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | വാർഡ് നം/ കെട്ടിടനം | കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം(ച.മീ) |
|---|---|---|
| ജി രാജേഷ്, അജിപ്രിയ നിവാസ് | II/126 A,B,C | 108 |
| സുരേഷ് കുമാർ നായർ | II/92A,F,C,D,E | 108.1 |
| ജോസ് വലിയവീട്ടിൽ | III/424,425 | 216.58 |

ഓഡിറ്റന്വേഷണത്തിനു(നം.7/10.03.21) നൽകിയ മറുപടിയിൽ ഈ കെട്ടിടങ്ങളുടെ നികുതി റീ അസസ്സ് ചെയ്യുന്നതാണെന്ന് അറിയിച്ചു. നികുതി പുനർ നിർണ്ണയം നടത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-15 സ്ഥാപന നികുതി ഈടാക്കിയില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനനികുതി ഒടുക്കിയിട്ടില്ല.

| സ്ഥാപനം | റിമാർക്സ് |
|---|---|
| മിൽക്ക് പ്രൊഡ്യൂസേഴ്സ് കോപ്പറേറ്റീവ് സൊസൈറ്റി ലി. A156 | ഒന്നും രണ്ടും അർദ്ധവർഷം അടച്ചിട്ടില്ല. |
| സപ്ലൈകോ മങ്കൊമ്പ് | രണ്ടാം അർദ്ധവർഷം അടച്ചിട്ടില്ല. |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.3/7.3.21)ലഭ്യമാക്കിയ മറുപടിയിൽ തുക ഈടാക്കുന്നതാണെന്നറിയിച്ചു. ടി സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 വസ്തുനികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന II/276A,II/276B എന്നീ കെട്ടിട നമ്പരുകളിലായി യഥാക്രമം 343.66ച.മീ,936.48ച.മീ (ആകെ 1280.14 ച.മീ) വിസ്തീർണ്ണത്തിലുള്ള മങ്കൊമ്പ് റൈസ് റിസർച്ച് സ്റ്റേഷൻ പ്രൊഫസറുടെ പേരിലുള്ള കെട്ടിടങ്ങളെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തി വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ നെല്ല് ഗവേഷണ കേന്ദ്രത്തിന്റെ തന്നെ പഴയ ഒരു കെട്ടിടത്തിന്റെ ( 2/277 കെട്ടിടനമ്പരിൽ 245 ചതുരശ്ര മീറ്റർ) ഉപയോഗക്രമം 'വിദ്യാഭ്യാസാവശ്യം' എന്ന് രേഖപ്പെടുത്തി 8/-രൂപ നിരക്കിൽ നികുതി നിർണ്ണയിച്ച് 28.03.2019 ൽ സഞ്ചയയിൽ അപ്രൂവ് ചെയ്തിട്ടുണ്ട്. ഗവേഷണ സ്ഥാപനങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.7/10.3.21) ലഭ്യമാക്കിയ മറുപടിയിൽ കേരളാ ഹൈക്കോടതിയുടെ 1980 ലെ ഒരു ഉത്തരവ് പ്രകാരം കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി അറിയിച്ചു. എന്നാൽ അതിന് ശേഷമാണ് കേരളാ പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും നിലവിൽ വന്നിട്ടുള്ളത്. കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207 ൽ 2013 ൽ വരുത്തിയ ഭേദഗതി പ്രകാരം സർക്കാർ അംഗീകാരമുള്ള സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കൻററി തലം വരെയുള്ള വിദ്യാഭ്യാസ ആവശ്യത്തിന് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളെയും ,അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ മാത്രം താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളെയുമാണ് വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്.

മേൽ സൂചിപ്പിച്ച റൈസ് റിസർച്ച് സ്റ്റേഷന്റെ നികുതി ഒഴിവാക്കി നൽകിയിട്ടുള്ള കെട്ടിടങ്ങളിൽ II/276A നമ്പരിലുള്ള കെട്ടിടത്തിൽ ഗവേഷണസ്ഥാപനത്തിന്റെ ലബോറട്ടറിയും II/276B നമ്പരിലുള്ള കെട്ടിടം സ്റ്റാഫ് ക്വാർട്ടേഴ്സ് ആയും ഉപയോഗിക്കുന്നതായി പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഈ കെട്ടിടങ്ങൾക്ക് ഇളവ് നൽകാവുന്നതാണോ എന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ വ്യക്തത വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടികൾ സംബന്ധിച്ച വിവരം ഓഡിറ്റിൽ അറിയിക്കുവാനും താല്പര്യപ്പെടുന്നു.

## 1-17 കരാർ വെയ്ക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കിയിട്ടില്ല

തൻവർഷം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ അംഗീകാരത്തിനു ശേഷം കരാറുകാരന് സെലക്ഷൻ നോട്ടീസ് അയച്ചുവെങ്കിലും നിശ്ചിത സമയ പരിധിക്കുള്ളിൽ ഗ്രാമ പഞ്ചായത്തുമായി കരാർ വെച്ചിട്ടില്ല. എന്നാൽ കരാർ ചമയ്ക്കുന്നതിൽ വന്ന കാലതാമസത്തിന് പി ഡബ്ല്യൂ ഡി മാന്വൽ 2009.6 അനുശാസിക്കും പ്രകാരം കരാറുകാരനിൽ നിന്നും ഈടാക്കേണ്ട പിഴ ബില്ലിൽ ഈടാക്കിയിട്ടുമില്ല. പ്രവൃത്തികളുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/Prj.No | കരാറുകാരന്റെ പേര്/ കരാർ തുക | സെലക്ഷൻ നോട്ടീസ് നം/ ഡെസ്പാച്ച് തീയതി | പിഴ കൂടാതെ കരാർ വെയ്ക്കേണ്ട തീയതി | കരാർ വെച്ച തീയതി/കരാർ നം | ഈടാക്കേണ്ട പിഴ | തുക നൽകിയതിന്റെ വിശദാംശം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | പഞ്ചായത്ത് ഓഫീസ് മെയിന്റനൻസ്/So137/19 | മനോജ് കുമാർ ടി ജി Rs. 99508(Own Fund) | 137/18-19 Dt 02-11-18 | 19/11/18 | 24/11/18 19/AE/LSGD/CHMBKM/18-19DT24/11/18 | 1000 | Ch.No.706041400000013 Dt 04/11/19 Rs.98513 |
| 2 | അവ്വംപള്ളി മുതൽ അഞ്ഞൂറ്റിൽ പാടം കലുങ്ക് കെട്ടി വഴി പുനരുദ്ധാരണം So102/19 | ശ്യാംകുമാർ വി സി Rs. 323851(CFC-60000&MF(R)-264000) | 102/18-19 Dt02/1118 | 19-11-18 | 24-11-18 17/AE/LSGD/CHMBKM/18-19 Dt 24-11-18 | 3239 | Bill.No21/19-20 Dt24-07-19 Rs.249272 &12/19-20 Dt16-07-19 Rs.60000 |
| 3 | ജങ്കാർ കടവ് മുതൽ കിഴക്കോട്ട് റോഡ് ടാറിംഗ് So055/19 | സിജു വി Rs.. 491452 (CFC. 550000 ) | 55/18-19 Dt.02/11/18 | 14-11-18 | 24-11-18 . 11/AE/LSGD/CHMBKM/18-19 | 4915 | Bill.No.8/ 19-20 Dt 7-06-20 Rs.491988 |
| 4 | ചെമ്പക്കോട്ട് മോട്ടോർ തറ മുതൽ കിഴക്കോട്ട് ടാറിംഗ് So106/19 | സിജു. വി Rs.528880 (CFC-600000) | 106/18-19 Dt.02-11-18 | 14-11-18 | 24-11-18 10/AE/LSGD/CHMBKM/2018-19 Dt.24-11-18 | 5289 | Bill.No.07/ 19-20 Dt 07-06-19 Rs.528881 |
| 5 | പാട്ടത്തിൽ റോഡ് ടാറിംഗ് Soo 81/19 | സിജു വി Rs.299927 MF(R)-300000 | 81/18-19 Dt2-11-18 | 14-11-18 | 24-11-18 15/AE/LSGD/CHMBKM/2018-19 | 2999 | Bill.No.2/ 19-20 Dt 13-05-19 Rs.297542 |
| | | | | | ആകെ | 17442 | |

നിയമാനുസൃത മായി ഈടാക്കേണ്ട പിഴ ബില്ലിൽ നിന്നും ഈടാക്കാതിരുന്നതിനാൽ തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-18 കരാർ വെച്ച ശേഷം നിർമ്മാണ പ്രവൃത്തി ചെയ്തിട്ടില്ല.

അടങ്കൽ തുക. 492400. (വികസന ഫണ്ട് എസ് സി പി )

അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റിൽ ഹാജരാക്കിയ ടെണ്ടർ രജിസ്റ്റർ പ്രകാരം (പേജ് നം:79 )

ടെണ്ടർ നം.25/AE/LSGD/CHMBKM/2019-20 അനുസരിച്ച് വെണ്ണേലിത്തറ എസ് .സി കോളനി റോഡ്

എന്ന പ്രവൃത്തി ടെണ്ടർ ചെയ്തതായും രണ്ട് ടെണ്ടറുകൾ ലഭിച്ചതായും കാണുന്നു. ( ടെണ്ടർ തുക .Rs.439131 .16 – ശ്രീ.സിജു. വി , Rs.472307.50 – ശ്രീ.സജിമോൻ ഇ .വി ) .എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം ( പേജ് നം .81.ക്രമ നംപർ 19 ) പ്രസ്തുത പ്രവൃത്തിയ്ക്കായി ശ്രീ .സിജു .വി എന്ന കരാറുകാരൻ 14-11-19 തീയതിയിൽ കരാർ വെച്ചതായും അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എഗ്രിമെന്റ് രജിസ്റ്ററിൽ പദ്ധതിയുടെ എസ്റ്റിമേറ്റ് തുക 492400/- എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പാക്കിയതായി കാണുന്നില്ല. ടി പദ്ധതിയ്ക്ക് വകയിരുത്തിയ തുകയുടെ വിശദാംശവും പദ്ധതി നടപ്പാക്കിയിട്ടില്ലായെങ്കിൽ ആയതിന്റെ കാരണവും കരാറുകാരനതിരെ സ്വീകരിച്ച നടപടികളുടെ വിവരവും ഹാജരാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( നം.14/12-03-21 ) നൽകിയതിന് ടി പ്രവൃത്തി സ്പിൽ ഓവർ ആക്കാതിരുന്നതിനാലാണ് ചെയ്യാതിരുന്നത് എന്ന് മറുപടി ഹാജരാക്കി.പ്രവൃത്തി ഉടർ വർഷം നടപ്പാക്കിയിട്ടുണ്ടെങ്കിൽ ടിയാന്റെ നഷ്ടോത്തരവാദിത്തത്തിൽ തുടർന്ന് പ്രവൃത്തി നിർവ്വഹിക്കേണ്ടതും കരാറുകാരൻ സമർപ്പിച്ച പെർഫോമൻസ് ഗാരന്റി തുക പഞ്ചായത്തിലേക്ക് മുതൽക്കൂട്ടേണ്ടതുമാണ്.

## 1-19 ലൈഫ് ഭവന പദ്ധതി ഭവന നിർമമാണം പൂർത്തീകരിച്ചിട്ടില്ല

ചമ്പക്കുളം ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതിയിലെ ഫയൽ, രജിസ്റ്റർ എന്നിവ പ്രകാരം ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ 2018-19 സാമ്പത്തിക വർഷം നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാറിലേർപ്പെട്ട് ഭവനനിർമ്മാണത്തിനായി 40,000 രൂപ മുൻകൂറായി കൈപ്പറ്റിയിട്ടുണ്ട് . പ്രസ്തുത ഗുണഭോക്താക്കൾക്ക് അടുത്ത ഗഡു ആനുകൂല്യം നൽകിയിട്ടില്ല. ഗുണഭോക്താക്കളും ഗ്രാമ പഞ്ചായത്തും തമ്മിൽ ഏർപ്പെട്ടിട്ടുള്ള കരാറിലെ വ്യവസ്ഥപ്രകാരം കരാർ തിയതി മുതൽ 6 മാസത്തിനകം ഭവനനിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ അഡ്വാൻസ് കൈപ്പറ്റി ഒരു വർഷം കഴിഞ്ഞിട്ടും ഇതുവരെ നിർമ്മാണം ആരംഭിക്കുകപോലും ചെയ്തിട്ടില്ല.

| ക്രമനം | പ്രോജക്ട് നം./പേര് | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബിൽ/ചെക്ക് നം. തീയതി |
|---|---|---|---|---|
| 1 | 6/19 ലൈഫ് മിഷൻ ഭവനനിർമ്മാണം- ജനറൽ | തങ്കമണി തെക്കേപ്പുരയ്ക്കൽ | 40,000 /- | 2/18-19/27.6.18 |
| 2 | 8/19 ലൈഫ് മിഷൻ ഭവനനിർമ്മാണം- (എസ് സി) | കനകലത അഞ്ചിൽച്ചിറ | 40,000 /- | 9/18-19/10.01.19 |
| 3 | 6/19 ലൈഫ് മിഷൻ ഭവനനിർമ്മാണം- ജനറൽ | രഞ്ജു രാജുമോൻ | 40,000 / | 1/18-19/22.06.18 |
| 4 | 6/19 ലൈഫ് മിഷൻ ഭവനനിർമ്മാണം- ജനറല് | ആശാമോൾ | 40,000 / | 1/18-19/22.06.18 |

മേൽപ്പറഞ്ഞ അപാകതയ്ക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ശ്രീമതി തങ്കമണി തെക്കേപ്പുരയ്ക്കൽ ,ശ്രീമതി കനകലത അഞ്ചിൽത്തറ എന്നിവർ ലൈഫ് മിഷന്റെ 16.3.18 ലെ 34/2018 ഉത്തരവ് പ്രകാരം അർഹത ഉണ്ടായിരുന്നതും ആദ്യ ഗഡു ആനുകൂല്യം കൈപ്പറ്റിയതുമാണ് എന്നാൽ നാളിതുവരെ അടിത്തറപണി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിൽ നിന്നും നോട്ടീസ് നൽകിയിട്ടുള്ളതാണ്.ഈ ഗുണഭോക്താക്കൾ ഉടൻതന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുമെന്നും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. ഭവന നിർമ്മാണ പ്രവൃത്തി എത്രയും വേഗം ആരംഭിക്കേണ്ടതും നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. മേൽക്കാരണങ്ങളാൽ 80,000 /- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

B) ശ്രീമതി രഞ്ജു രാജുമോൻ , ശ്രീമതി ആശാമോൾ എന്നിവർ ലൈഫ് മാനദണ്ഡങ്ങൾ അംഗീകരിച്ച് എഗ്രിമെന്റ് വെച്ച് അഡ്വാൻസ് തുകയായ 40,000 /- രൂപ കൈപ്പറ്റിയതാണെങ്കിലും 25 സെന്റിൽ കൂടുതൽ സ്ഥലം നിലമായി ഉള്ളതിനാൽ ലൈഫ് മാനദണ്ഡങ്ങൾ പാലിക്കാഞ്ഞതിനാൽ (സ.ഉ ( എം എസ് ) നം 151/2017/തസ്വഭവ 31.7.17) ബാലൻസ് തുക നൽകിയിട്ടില്ല എന്നും പ്രസ്തുത ഗുണഭോക്താക്കൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അവസ്ഥ ആണെന്നും ആർ ആർ നടപടികളിലൂടെ ആനുകൂല്യമായി അനുവദിച്ച തുക തിരികെ ഈടാക്കുന്നതായിരിക്കും എന്നും അറിയിച്ചിട്ടുണ്ട്.നിർവ്വഹണോദ്യഗസ്ഥന്റെ മറുപടിയിൽ ചൂണ്ടിക്കാട്ടിയ പ്രകാരം ടി തുക തിരികെ ഈടാക്കി സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ അടക്കേണ്ടതും വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-20 മൃഗാശുപത്രിക്ക് കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ -അപാകതകൾ

പ്രൊജക്ട് നം . S0031/20

അടങ്കൽ - 50,000 /- (മെയിന്റനൻസ് ഗ്രാന്റ് )

ചെലവ് - 44727 /-

ബിൽ നം - 2/19-20 /18.03.20

മൃഗാശുപത്രിക്ക് കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ പദ്ധതിയോടനുബന്ധിച്ച് കംപ്യൂട്ടർ , പ്രിന്റർ എന്നിവ വാങ്ങുന്നതിനായി കെൽട്രോണിന് 44727 /- രൂപ നൽകിയിട്ടുണ്ട് . എന്നാൽ നാളിതുവരെയായിട്ടും ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. പ്രസ്തുത അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് (No.1)മറുപടി ലഭ്യമാക്കിയില്ല . ദൈനംദിന ഓഫീസ് പ്രവർത്തനങ്ങൾക്ക് കംപ്യൂട്ടർ അനിവാര്യമായതിനാൽ ആയവ എത്രയും പെട്ടന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആകയാൽ കംപ്യൂട്ടർ ,പ്രിന്റർ എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് വിവരം അറിയിക്കേണ്ടതാണ്.തുക തടസ്സപ്പെടുത്തുന്നു.

## 1-21 പട്ടികജാതി വിദ്യർത്ഥിനികൾക്ക് ലാപ് ടോപ്പ് - നിശ്ചിത യോഗ്യതയില്ലാത്തവർക്ക് ലാപ് ടോപ്പ് നൽകി

പ്രോജക്ട് നമ്പർ - S0006/20

അടങ്കൽ - 266000/- [251300 (വികസനഫണ്ട് - എസ്സ്.സി.പി.) +

14700 (തനത്ഫണ്ട്) ]

ചെലവ് - ബിൽ നമ്പർ - 7/ 13.12.2020 -138610/-

നിർവ്വഹണം - അസി.സെക്രട്ടറി

പട്ടികജാതി വിദ്യർത്ഥിനികൾക്ക് ലാപ് ടോപ്പ് എന്ന പ്രോജക്ടിലുൾപ്പെടുത്തി 5 ലെനോവ ലാപ് ടോപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്. പദ്ധതികൾ തയ്യാറാക്കൽ, സബ്സിഡി, ധനസഹായം, അനുബന്ധവിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയായ സ.ഉ.(കൈ) നം. 22/2018/ത.സ്വ.ഭ.വ. തീ. 14.2.2018 നമ്പർ ഉത്തരവിലെ ഖണ്ഡിക 7-2-8 പ്രകാരം ബിരുദം, ബിരുദാനന്തരബിരുദം,പോളിടെക്നിക് (ഡിപ്ലോമ), എഞ്ചിനീയറിങ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ , ബിരുദം, ബിരുദാനന്തരബിരുദം) ചാർട്ടേഡ് അക്കൌണ്ട് ആർട്ടിക്കിൾഷിപ്പ് ) എന്നീ കോഴ്സുകൾക്ക് സർക്കാർ/ എയ്ഡഡ്/ സ്വാശ്രയ സ്ഥാപനങ്ങളിലോ, സർവ്വകലാശാലാ അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന വിദ്യർത്ഥികൾക്കാണ് ലാപ് ടോപ്പ് നൽകാവുന്നത്. എന്നാൽ തൻവർഷം ലാപ് ടോപ്പ് നൽകിയ ചുവടെ ചേർക്കുന്നവർക്ക് പഠിക്കുന്ന സ്ഥാപനങ്ങൾ സർക്കാർ/ എയ്ഡഡ്/ സ്വാശ്രയ സ്ഥാപനങ്ങൾ, സർവ്വകലാശാലാ അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളല്ലെന്ന് കാണുന്നു. കൂടാതെ ഇവർ സർക്കാർ നിശ്ചയിച്ചുള്ള കോഴ്സുകളല്ല പഠിക്കുന്നത്. സ്ഥാപനങ്ങൾ നിശ്ചിത യോഗ്യതയുള്ളവയാണെങ്കിൽ ആയതിനെ സാധൂകരിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 8/ .03.2021 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്തൃ ലിസ്റ്റിൽ അവശേഷിക്കുന്ന വിദ്യാർത്ഥികളുടെ യോഗ്യത പരിശോധിച്ച് യോഗ്യതയുള്ളവർക്ക് ആനുകൂല്യം നൽകാതെ നിശ്ചിത യോഗ്യതയില്ലാത്ത സ്ഥാപനങ്ങളിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള കോഴ്സുകൾക്ക് പഠിക്കാത്തവർക്ക് ലാപ് ടോപ്പ് വാങ്ങുന്നതിനായി ചെലവഴിച്ച 55444/- രൂപ (27722x2) ഓഡിറ്റിൽ അനുവദിക്കുന്നില്ല. തുക അസി.സെക്രട്ടറിയുടെ ബാധ്യതയായി നിശ്ചയിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

1. രേഷ്മ. ആർ., ഇടകറുകയിൽ, അൻപതിൽ ചിറ, 408, കൈനകരി എന്ന ഗുണഭോക്താവ് ആലപ്പുഴ പ്രൊലാൻസ് അക്കാഡമിയിൽ കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ ആറുമാസ ഡിപ്ലോമ കോഴ്സിനാണ് പഠിക്കുന്നത്.

2. ശാലുമോൾ.ആർ, ശാരിഭവനം, തെക്കേക്കര എന്ന ഗുണഭോക്താവ് ആലപ്പുഴ ഐ.റ്റി.കേരള വിമൻസ് കോളേജിൽ ഡിപ്ലോമ ഇൻ മൾട്ടിലിങ്വൽ ഓഫീസ് ഓട്ടോമേഷൻ & ഫിനാൻഷ്യൽ അക്കൌണ്ടിങ് കോഴ്സിനാണ് പഠിക്കുന്നത്.

## 1-22 വെണ്ണേലിത്തറ കോളനിയിലേയ്ക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - പദ്ധതി പൂർത്തീകരണം - വിശദാംശം ലഭ്യമല്ല

പ്രോജക്ട് നമ്പർ - SO141/20

അടങ്കൽ -90,000/- (വികസനഫണ്ട് - എസ്സ്.സി.പി.)

ചെലവ് - ബിൽ നമ്പർ - 6/ 19.11.2019 -90,000/-

നിർവ്വഹണം - അസി.സെക്രട്ടറി

35 ൽ പാലം മുതൽ വെണ്ണേലിത്തറ എസ്സ്.സി. സങ്കേതം വരെയുള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എന്ന പ്രോജക്ടിനായി 2018-19 വർഷം 456400/- രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിരുന്നു. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത മൂലം പ്രോജക്ട് പൂർത്തിയാക്കാനായിട്ടില്ലന്നും 90,000/- രൂപ കൂടി പദ്ധതി പൂർത്തീകരണത്തിന് ആവശ്യമാണെന്നും 28.10.2019 ലെ KS23/2019 നമ്പർ കത്തിലൂടെ വാട്ടർ അതോറിറ്റിയുടെ കിടങ്ങറ പി.എച്ച്. സെക്ഷൻ എ.ഇ. അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 90,000/- രൂപ 2019-20 വർഷം വാട്ടർ അതോറിറ്റിയ്ക്ക് നൽകിയിരുന്നു. എന്നാൽ പ്രോജക്ടിന്റെ പൂർത്തീകരണ വിവരങ്ങളും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം പ്രോജക്ടിന്റെ പൂർത്തീകരണവിവരങ്ങളും തുകയുടെ വിനിയോഗവിവരങ്ങളും ലഭ്യമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനും വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള സ.ഉ.(കൈ)11/2018/ത.സ്വ.ഭ.വ.തീ.29.1.2018 ഖണ്ഡിക 11-2-(ഡി)(Iv) ൽ നിർദ്ദേശിക്കും പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് തദ്ദേശസ്ഥാപന സെക്രട്ടറിയും നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. വിനിയോഗവിവരങ്ങൾ ലഭ്യമാക്കുന്നതുവരെ 90,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-23 കുറഞ്ഞവൈദ്യുത ഉപഭോഗമുള്ള എൽ.ഇ.ഡി. ലാമ്പുകൾ സ്ഥാപിച്ചുവെങ്കിലും തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് ആനുപാതികമായി കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ല

ഗ്രാമപഞ്ചായത്തിലെ 18-19, 19-20 വർഷങ്ങളിലെ വാർഷിക ധനവിവരപത്രികകൾ പ്രകാരം തെരുവുവിളക്കുകളുടെ വൈദ്യുത ചാർജ്ജിനത്തിൽ യഥാക്രമം 696850/- രൂപയും 1015283/- രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്. രണ്ട് വർഷങ്ങളിലുമായി ഓരോ മാസവും ശരാശരി 58071/- രൂപയും, 84607/- രൂപയും തെരുവ് വിളക്കുകളുടെ വൈദ്യുതചാർജ്ജിനത്തിൽ ചെലവഴിയ്ക്കുന്നുണ്ട്. ചമ്പക്കുളം, മങ്കൊമ്പ് ഇലക്ട്രിക്കൽ സെക്ഷനുകളിലെ 10 കൺസ്യൂമർ നമ്പരുകളിലായാണ് ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് ഒടുക്കുന്നത്. എന്നാൽ ഒരോ കൺസ്യൂമർ നമ്പരുകളിലുമായി എത്ര വാട്ട്സിന്റെ ഏതെല്ലാമിനം, എത്ര എണ്ണം തെരുവുവിളക്കുകളാണ് ഉൾപ്പെടുന്നതെന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന്റെ പക്കൽ യാതൊരു വിശദാംശങ്ങളും ഇല്ല. വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ 9/12.3.2021 നമ്പർ എൻക്വയറിയ്ക്ക് കെ.എസ്.ഇ.ബി.യ്ക്ക് വിവരങ്ങൾ ലഭ്യമാക്കുവാനാശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. ചെലവ് പത്രിക പരിശോധിച്ചതിൽ ഓർഡിനറി ലാമ്പ്, ഡബിൾ ട്യൂബ് സെറ്റ്, സി.എഫ്.എൽ. എന്നീയിനങ്ങളിലുള്ള തെരുവ് വിളക്കുകൾ സ്ഥാപിയ്ക്കുകയോ അറ്റകുറ്റപ്പണി നടത്തുകയോ ചെയ്യുന്നതിനായി മേൽ വർഷങ്ങളിൽ യാതൊരു പ്രോജക്ടുകളും നടപ്പാക്കിയിരുന്നില്ല. ഇതിൽ നിന്ന് ഓർഡിനറി ലാമ്പ്, ഡബിൾ ട്യൂബ് സെറ്റ്, സി.എഫ്.എൽ. എന്നീയിനങ്ങളിലുള്ള തെരുവ് വിളക്കുകളില്ലന്നും നിലവിൽ ഈയിനം വിളക്കുകൾ സ്ഥാപിച്ചിരുന്ന പോസ്റ്റുകളിലും എൽ.ഇ.ഡി.വിളക്കുകൾ സ്ഥാപിച്ചുവെന്നാണ് വ്യക്തമാകുന്നത്. കൂടാതെ 2018-19 ൽ 10 സോഡിയം വേപ്പർ ലാമ്പുകൾ മാറ്റി 100 വാട്ട്സിന്റെ എൽ.ഇ.ഡി. ലാമ്പ് സ്ഥാപിയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ട് നിർവ്വഹണം കെ.എസ്.ഇ.ബി.യെ അറിയിച്ച് തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നില്ല. ഇതിന് വിശദീകരണം ആരാഞ്ഞ് ഓഡിറ്റ് അന്വേഷണം നൽകിയതിന് 10 സോഡിയം വേപ്പർ ലാമ്പുകൾ എൽ.ഇ.ഡി.ആക്കി മാറ്റിയെങ്കിലും അതേ വർഷം തന്നെ 477600/- രൂപയുടെ എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിച്ചിരുന്നതിനാൽ വൈദ്യുത ചാർജ്ജിൽ കുറവുണ്ടായിട്ടില്ലന്നാണ്. 477600/- രൂപയുടെ പ്രോജക്ടിൽ വിവിധ വാർഡുകളിലെ തകരാറിലായ തെരുവ് വിളക്കുകൾ മാറ്റി 15 വാട്ട്സിന്റെ 240 എൽ.ഇ.ഡി. വിളക്കുകളാണ് സ്ഥാപിച്ചിട്ടുള്ളത്. അതായത് നിലവിൽ വൈദ്യുത ചാർജ്ജ് ചുമത്തപ്പെട്ടിരുന്ന പോസ്റ്റുകളിലെ വിളക്കുകളാണ് മാറ്റി സ്ഥാപിച്ചിരിയ്ക്കുന്നത്. അതിനാൽ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മറുപടി അംഗീകരിയ്ക്കാവുന്നതല്ല. ഉയർന്ന ഊർജ്ജ ഉപഭോഗമുള്ളയിനം വിളക്കുകൾ മാറ്റി കുറഞ്ഞ ഊർജ്ജ ഉപഭോഗമുള്ള എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിച്ചതിനു ശേഷവും തെരുവുവിളക്കുകളുടെ വൈദ്യുത ചാർജ്ജിൽ കുറയ്ക്കുന്നതിനായി കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവുവിളക്കുകളുടെ വൈദ്യുതചാർജ്ജ് കുറയ്ക്കുന്നതിനുള്ള യാതൊരു നടപടിയും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല. കെ.എസ്.ഇ.ബി. ഡിമാന്റ് ചെയ്യുന്ന വൈദ്യുത ചാർജ്ജ് ഒടുക്കുക മാത്രമാണ് ഗ്രാമപഞ്ചായത്ത് ചെയ്യുന്നത്. ആയതിനാൽ കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ വൈദ്യുതചാർജ്ജ് കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

2018- 19, 2019-20 വർഷങ്ങളിൽ തെരുവ് വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് നടപ്പാക്കിയ4 പ്രോജക്ടുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു. ഈ പ്രോജക്ടുകളെല്ലാം എൽ.ഇ.ഡി. വിളക്കുകളുടെ സ്ഥാപനവും, പരിപാലനവുമായി ബന്ധപ്പെട്ട പ്രോജക്ടുകളാണ്.

| വർഷം | പ്രോജക്ട് നമ്പർ | പ്രോജക്ടിന് വകയിരുത്തിയ ഫണ്ടിനം | പ്രോജക്ടിന്റെ ചെലവ് | റിമാർക്സ് |
|---|---|---|---|---|
| 2018- | S0016/19 | വികസനഫണ്ട് - | 477600/- | വിവിധ വാർഡുകളിലെ |

| | | | | |
|---|---|---|---|---|
| 19 | | സാധാരണ വിഹിതം | | തകരാറിലായ തെരുവ് വിളക്കുകൾ മാറ്റി 15വാട്ട്സിന്റെ 240 എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിയ്ക്കുക |
| | S0023/19 | വികസനഫണ്ട് - സാധാരണ വിഹിതം + തനത്ഫണ്ട് | 170000 + 49250 | വിവധ വാർഡുകളിലെ 10 സോഡിയം വേപ്പർ ലാമ്പുകൾ മാറ്റി 100 വാട്ട്സിന്റെ എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിയ്ക്കുക, 15 വാട്ട്സിന്റെ 60 എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിയ്ക്കുക |
| 2019-20 | S0029/20 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 238000 | 24 വാട്ട്സിന്റെ 200 എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിയ്ക്കുക |
| | S0032/20 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 49500 | നിലവിലുള്ള 100 എൽ.ഇ.ഡി. വിളക്കുകളിൽ എൽ.ഡി.ആർ. സംവിധാനം സ്ഥാപിയ്ക്കുക |

## 1-24 ലൈഫ് ഭവനനിർമ്മാണ പദ്ധതി ഒരു അവലോകനം

ലൈഫ് ഭവന പദ്ധതിയിൽ ജനറൽ വിഭാഗത്തിൽ ആകെ 31405420കോടി രൂപ തൻവർഷം വകയിരുത്തിയതിൽ 5411229രൂപ ചെലവഴിച്ചിട്ടുണ്ട്. എസ്. സി. വിഭാഗത്തിൽ തൻവർഷം 3603235 ലക്ഷം രൂപ വകയിരുത്തിയതിൽ 337400 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ലൈഫ് ഭവന പദ്ധതിയുടെ ജനറൽ വിഭാഗത്തിൽ 50 ഉം പട്ടികജാതി വിഭാഗത്തിൽ 6 ഉം ഉൾപ്പെടെ ആകെ 56 ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം നൽകിയിട്ടുണ്ട്.

പദ്ധതി ഫയൽ പരിശോധിച്ചതിൽ ജനറൽ വിഭാഗത്തിലെ താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കി മുഴുവൻ ഗഡുക്കളും കൈപ്പറ്റിയിട്ടില്ല എന്നു കാണുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നിലവിലെ സ്റ്റേജ് | നൽകാനുള്ള തുക |
|---|---|---|---|
| 1 | സരസമ്മ വി കെ വടക്കേപമ്പിൽ | ഫൌണ്ടേഷൻ | 40000 /- |

മുൻകൂർ കൈപ്പറ്റിയതിന് ശേഷം നിർമ്മാണം സ്തംഭനാവസ്ഥയിലുള്ള ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിപ്പിക്കാനുള്ള നടപടികൾ പഞ്ചായത്ത് കൈക്കൊള്ളേണ്ടതാണ്.

വിവിധ ഫണ്ടുകൾ വകയിരുത്തിയിതിന്റെയും ചെലവഴിച്ചതിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ലൈഫ് (ജനറൽ)

2019-20

| വകയിരുത്തിയ ഫണ്ട് | ലഭിച്ച തുക | ചെലവഴിച്ച തുക | മിച്ചം നിൽക്കുന്ന തുക |
|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | | | |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1362479 | 1362479 | 0 |
| ഗ്രാമ പഞ്ചായത്ത് വിഹിതം | 2064424 | 1920000 | 144424 |
| ഹഡ്കോ വായ്പ | 1640000 | 420000 | 1220000 |
| സംസ്ഥാന സർക്കാർ വിഹിതം | 3641229 | 1708750 | 1932479 |
| ആകെ | 8708132 | 5411229 | 3296903 |

ലൈഫ് (എസ്.സി )

2019-20

| വകയിരുത്തിയ ഫണ്ട് | ലഭിച്ച തുക | ചെലവഴിച്ച തുക | മിച്ചം നിൽക്കുന്ന തുക |
|---|---|---|---|

| | | | |
|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | | | |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 178107 | 37400 | 140707 |
| ഗ്രാമ പഞ്ചായത്ത് വിഹിതം | 605835 | 300000 | 305835 |
| ഹഡ്കോ വായ്പ | | | |
| ആകെ | 783942 | 337400 | 446542 |

## 1-25 കാർഷിക മേഖലയുമായി ബന്ധപ്പെട്ട നടപ്പാക്കിയ പ്രൊജക്ടുകൾ കുറവ് അവലോകനം

പദ്ധതി മാർഗ്ഗരേഖയിലെ കണക്കുകൾ പ്രകാരം ഗ്രാമപഞ്ചായത്തിലെ പ്രധാന കാർഷിക വിള നെല്ലാണ് 2852 ഹെക്ടറിൽ നെല്ലും , 495 ഹെക്ടറിൽ തേങ്ങ,പച്ചക്കറി ,വാഴ എന്നിവ കൃഷി ചെയ്ത് വരുന്നു. .ഉത്പാദനക്ഷമത ഉയർത്തുക,മുഴവൻ പാടശേഖരങ്ങളിലും കൃഷി സാദ്ധ്യമാകുക രാസവളം ജൈവവളം നെൽവിത്ത് എന്നിവ സൌജന്യമായി നൽകുക എന്നിവയായിരുന്നു വികസനകാഴ്ചപ്പട് . എന്നാൽ ഈ വികസന ലക്ഷ്യങ്ങൾ ഒന്നും തന്നെ 19-20

വർഷം നടപ്പായിട്ടില്ല.കാർഷിക മേഖലയുമായി ബന്ധപ്പെട്ട് തൻ വർഷം ആകെ രണ്ട് പ്രൊജക്ടുകൾ മാത്രമാണ് നടപ്പാക്കിയത് കൃഷി ഓഫീസർ നടപ്പാക്കിയ കുറ്റികുരുമുളക് കൃഷി വനിത(എസ് സി) (ജനറൽ) പദ്ധതികളാണ് ഇപ്രകാരം നടപ്പാക്കിയത്. പ്രസ്തുത പദ്ധതികളിൽ കുറ്റികുരുമുളക് കൃഷി വനിത(എസ് സി) പദ്ധതിയിൽ കോവിഡും ലോക്ക് ഡൌണും മൂലം ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ ആനുകൂല്യം കൈപ്പറ്റാൻ മുന്നോട്ട് വരാതിരുന്നതിനാൽ ൽ ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള എസ് സി കുടുംബങ്ങൾ ആനുകൂല്യം കൈപ്പറ്റാൻ മുന്നോട്ട് വരുകയും ടി കുരുമുളകിൻ തൈകൾ ഒരാൾക്ക് അഞ്ച് എണ്ണം എന്ന കണക്ക് നോക്കാതെ വരുന്നവർക്ക് ലഭ്യമാക്കുകയാണ് ഉണ്ടായത്. അതിനാൽ ആവിഷ്ക്കരിച്ച പദ്ധതി തന്നെ ഫലപ്രദമായി നടപ്പാക്കാനായില്ല. ആകയാൽ കാർഷിക മേഖലയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പദ്ധതികൾ ഫലപ്രദമായി നടപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്റ്റാൻഡിംഗ് കമ്മറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും നിർവ്വഹണോദ്യോഗസ്ഥന്റേയും പൂർണ്ണമായ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-26 റോഡ് കണക്ടിവിറ്റി മാപ്പ് ,പ്ളാൻ എന്നിവ തയ്യാറാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തുകളിൽ റോഡുകളുടെ നിർമ്മാണം റോഡ് കണക്ടിവിറ്റി പ്ളാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആയിരിക്കണമെന്ന് 04/02/11 ലെ സ ഉ എം എസ് 31/11 ത സ്വ ഭ വ പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ( സ ഉ (കൈ) നം.11/18 ത സ്വ ഭ വ തീയതി.29/01/18 ) ഖ.7.13(1) പ്രകാരവും ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടി വിറ്റി ഭൂപടവും റോഡ് കണക്ടി വിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതാണ്. ചമ്പക്കുളം ഗ്രാമ പഞ്ചായത്തിൽ മേൽ നിർദ്ദേശ പ്രകാരമുള്ള റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ളാനും തയ്യാറാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ഹാജരാക്കമമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 12/12-03-21 )നൽകിയെങ്കിലും ടി രേഖകൾ ഹാജരാക്കിയില്ല. ഗ്രാമ പഞ്ചായത്തിലെ റോഡുകളുടെ നിർമ്മാണത്തിനായി റോഡ് കണക്ടിവിറ്റി ഭൂപടം ,പ്ളാൻ എന്നിവ തയ്യാറാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 100000 | സപ്ലിമെന്ററി ന്യൂട്രീഷൻ | 100000 | 0 |
| | 2019-20 | 225000 | മിൽക്ക് സബ്സിഡി | 225000 | 0 |
| | 2019-20 | 100000 | പാലിയേറ്റീവ് | 100000 | 0 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | 2019-20 | 100000 | സ്കോളർഷിപ്പ് | 100000 | 0 |
| | 2019-20 | 1540586 | ലൈഫ് | 861568 | 679018 |
| ജില്ലാപഞ്ചായത്ത് | 2019-20 | 100000 | എസ് എൻ പി | 100000 | 0 |
| | 2019-20 | 200000 | സ്കോളർഷിപ്പ് | 100000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കിനായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൌച്ചർ നം /തിയതി | നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ ഡബ്ളുഎ | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21900797 | 90000 | 0 | 90000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം. തീയതി | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ വാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | | 1640000 | 6760000 | 705882 | | 7694118 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈ_ഇനത്തിൽ തൻവർഷം ലഭിച്ച വരവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം തിയതി |
|---|---|---|---|---|
| 2018/19 | 2(1) | 1250 | മനോജ്കുമാർ തോണ്ടം പറമ്പിൽ കോൺട്രാക്ടർ | 119010101647/24.01.20 |
| 2017/18 | 2(3) | 34,565 /- | അസി. എഞ്ചിനീയർ<br>ബിന്ദു | 119010500029/3.02.2020 |
| " | 3(3) | 7715 /- | " | 119010100837/3.10.2019 |
| | 3(4) | 22996 /- | " | 119010100854/10.1.02019 |
| | 3(5) | 3750 /- | ' | 119010100837 /3.10.2019 |
| | | 1250 /- | ' | 119010100836 /3.10.2019 |
| | | 2750 /- | " | 119010101517/7.01.2020 |
| 2016-17 | 3(4) | 3680/- | കൃഷി ഓഫീസർ<br>(ആനി മാത്യു) | 119010100043/11.4.2019 |
| | 3(3) | 853 /- | | 119010100042/11.4.2019 |
| | 2(8) | 150 /- | പു പുഷ്പവല്ലി പി റ്റി എസ് | 119010101754 /6.2.20 |
| | 2(7) | 1200 | മാത്തിൽ ഫിനാൻസ് | 119010100060,61/174.19 |
| | 2(5) | 1251 /- | എ വി ജോർജ്ജ് ആര്യശ്ശേരിൽ | 119010100372/26.6.19 |
| | 2(1) | 11172 /- | ക്യാന്റീൻ | 119010100979/12.11.19 |
| | 2(1) | 2249 /- | പോൾ ഫ്രാൻസീസ് | 119010100980/12.11.19 |
| 2013-14 To 2014-15 | 2(1) | 180 /- | മുത്തൂറ്റ് ഫീനാൻസ് | 119010100521/22.7.19 |
| 1999-2000 | 2(1) | 189 /- | ജോഷി | 119010100276/6.6.19 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014/15 | 2.1 | 2017/17 | 2.1 | തൊഴിൽ നികുതി | മുത്തൂറ്റ് ഫിനാൻസിന്റെ അർദ്ധവർഷ സ്ഥാപന നികുതി 22.7.19 ന് 119010100521 പ്രകാരം ഒടുക്കി ബാക്കി സ്ഥാപനങ്ങൾക്ക് നോട്ടീസ് അയച്ചിട്ടുണ്ട് |
| 2015/16 | 2.2 | 2016/17 | 2.2 | തൊഴിൽ നികുതി | |
| 2016/17 | 2.6 | 2017/18 | 2.6 | റിസോർട്ടുകളുടെ കെട്ടിട നികുതി വർദ്ധനവ് | സർക്കാരിന് കത്തയച്ചിട്ടുണ്ട് |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 45584855 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 34270849 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം | 55444 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 294727 |

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 1-21 | | 55444 | ജയന്തി ഗോപാലകൃഷ്ണൻ അസി .സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 40000 | ശ്രീമതി.ബേബിമോൾ.കെ.ബി, വി.ഇ.ഒ |
| 1-19 | 40000 | ശ്രീ രാജേഷ് എസ് ജെ വി.ഇ.ഒ |
| 1-19(B) | 80000 | ശ്രീ രാജേഷ് എസ് ജെ വി.ഇ.ഒ |
| 1-(20) | 44727 | ശ്രീമതി സെറിൻ സേവ്യർ |
| | | |
| | | |
| | | |
| 1-22 | 90000 | ജയന്തി ഗോപാലകൃഷ്ണൻ അസി .സെക്രട്ടറി |
| ആകെ | 294727 | |

(സി) കേന്ദ്ര-സംസ്ഥാനസർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജയന്തി ഗോപാലകൃഷ്ണൻ | അസി. സെക്രട്ടറി<br>പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് | വിഷ്ണു ഭവൻ ,<br>തോട്ടുംകര<br>അമ്പലപ്പുഴ പി ഒ<br>ആലപ്പുഴ |
| രാജേഷ് എസ് ജെ | ബിഡിഒ ഓഫീസ് ചമ്പക്കുളം | ഹരിശ്രീനിവാസ്<br>കളർകോഡ് പി ഒ<br>ആലപ്പുഴ |
| ബോബിമോൾ കെ ബി | വി ഇ ഒ ചമ്പക്കുളം ഗ്രാമപഞ്ചായത്ത് | ചുള്ളിക്കൽ പാതിരപ്പള്ളി പി ഒ ആലപ്പുഴ |
| സെറിൻ സേവ്യർ | വെറ്റിനറി സർജ്ജൻ ചമ്പക്കുളം ഗ്രാമപഞ്ചായത്ത് | കുളങ്ങരയിൽ ഹൌസ് , കെ എസ് ആർ ടി സി ബസ് സ്റ്റാന്റിംന് സമീപം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 | എൽ എഫ് ജി എ-5-1832/11/17.1.2002 |
| 1997-98 | എൽ എഫ് ജി എ-5-1832/11/21.1.2002 |
| 1998-99 | എൽ എഫ് ജി എ-5-1832/11/19.1.2002 |
| 1999-2000 | എൽ എഫ് ജി എ-5-1832/11/24.1.2002 |
| 2000-01 | എൽ എഫ് ജി എ-5-1832/11/24.1.2002 |
| 2001-02 | എൽ എഫ് ജി എ-5-1832/11/25.1.2002 |
| 2002-03 | എൽ എഫ് ജി എ-5-1832/11/23.1.2002 |
| 2003-04 | എൽ എഫ് ജി എ-5-1832/11/23.1.2002 |
| 2004-05 | എൽ എഫ് ജി എ-5-1832/11/23.1.2002 |
| 2005-06 | എൽ എഫ് ജി എ-5-1832/11/31.1.2002 |
| 2006-07 | എൽ എഫ് ജി എ-5-1577/14/16.01.2014 |
| 2007-08 | എൽ എഫ് ജി എ-5-1577/14/16.01.2014 |
| 2008-09 മുതൽ 2010-11 വരെ | എൽ എഫ് ജി എ-5-1577/14/16.01.2014 |
| 2011-12 | എൽ.എഫ്.എ.പി.1/496/2014/04.07.2014 |
| 2012-13 | എൽ.എഫ്.എ.പി.1/130/15/21.04.2015 |
| 201314&2014-15 | കെ.എസ്.എ. എ.എൽ.പി.പി.1/ 1472/15/ 25.11.2015 |
| 2015-16 | കെ.എസ്.എ. എ.എൽ.പി.പി.1 |
| 2016-17 | കെ.എസ്.എ. എ.എൽ.പി.പി.1 1130/2017/11.09.2017 |
| 2017-2018 | നം.കെ.എസ്.എ-എ.എൽ.പി/പി1-61/201തീയതി, 07.02.2019 |
| 2018-19 | നം.കെ.എസ്.എ-എ.എൽ.പി/പി1-316201തീയതി, 14.5.2020 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്